LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

ഏഴാം കേരള നിയമസഭ

പത്താം സമ്മേളനം

1985 സെപ്റ്റംബർ 13, വെള്ളി

വാല്യം LXV] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 7

(നിയമസഭ 1985 സെപ്റ്റംബർ 13-ാം തീയതി വെള്ളിയാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ അസംബ്ലി ചേംബറിൽകൂടി.)

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകുന്ന ഉത്തരങ്ങൾ

കാപ്പെക്സ് ഡയറക്ടർ ബോർഡ്

* 121 [163] ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്:
,, സി.കെ. തങ്കപ്പൻ:
,, വി.എസ്. ചന്ദ്രശേഖരൻ പിള്ള:
,, ഇ. പത്മനാഭൻ:
,, ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടിത്തൊഴിലാളികളുടെ സഹകരണ പ്രസ്ഥാനമായ കാപ്പെക്സിന്റെ ഡയറക്ടർ ബോർഡ് പിരിച്ചുവിട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പിരിച്ചുവിടാനുണ്ടായ കാരണമെന്താണ്;

(സി) ഈ ബോർഡ് എന്നത്തേക്ക് രൂപീകരിക്കും?

വ്യവസായ വകുപ്പു മന്ത്രി (ശ്രീ. ഇ. അഹമ്മദ്):

(എ, ബി, സി) ഭരണപരമായ കാരണങ്ങളാൽ 21-8-1985-ൽ കാപ്പെക്സിന്റെ ഡയറക്ടർ ബോർഡ് പിരിച്ചുവിട്ടു പുനഃസംഘടിപ്പിച്ചിട്ടുണ്ട്.

ശ്രീ. സി. കെ. തങ്കപ്പൻ: കാപ്പെക്സ് എന്ന സ്ഥാപനം എന്നാണ് പ്രവർത്തനം ആരംഭിച്ചത്; എന്താണ് അതിന്റെ ഉദ്ദേശം; അതിന്റെ കീഴിൽ എത്ര ഫാക്ടറികൾ പ്രവർത്തിക്കുന്നുണ്ട്; ആ ഫാക്ടറികളിലെല്ലാംകൂടി എത്ര തൊഴിലാളികളുണ്ട്?

ശ്രീ. ഇ. അഹമ്മദ്: 9-8-1984-ലാണ് ഇതു രജിസ്റ്റർ ചെയ്തത്. ഇതിന്റെ കീഴിൽ 9 ഫാക്ടറികൾ അകപിസിഷൻ ആക്ടിലെ വ്യവസ്ഥ അനുസരിച്ച് എടുത്ത് കാപ്പെക്സിനെ ഏൽപ്പിച്ചിട്ടുണ്ട്. അതിൽ ഏഴു ഫാക്ടറികളിൽ പ്രവർത്തനം നടക്കുന്നുണ്ട്. 3,400 തൊഴിലാളികൾ 'കാപ്പെക്സിൽ' ജോലി ചെയ്യുന്നു.

ശ്രീ. സി. കെ. തങ്കപ്പൻ: 'കാപ്പെക്സ്' ന്റെ കീഴിലുള്ള തൊഴിലാളികൾക്ക് കഴിഞ്ഞ ഓണക്കാലത്ത് ഇരുപതു ശതമാനം ബോണസ് കൊടുക്കണമെന്ന് അതിന്റെ നിലവിലുണ്ടായിരുന്ന ബോർഡ് ചെയർമാൻ ശ്രീമാൻ കൃഷ്ണകുമാർ എം.പി. യുടെ അദ്ധ്യക്ഷതയിൽ ചേർന്ന് ഏകകണ്ഠമായി തീരുമാനിച്ചതായി മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്, അതിനുശേഷം ഈ സമിതി പിരിച്ചു വിട്ടിട്ട് എട്ടും മൂന്നിലൊന്നു ശതമാനം ബോണസ്സാണ് ഈ തൊഴിലാളികൾക്ക് കൊടുത്തതായി മനസ്സിലാക്കാൻ കഴിഞ്ഞത്. കൂടുതൽ സംഖ്യ തൊഴിലാളികൾക്ക് കൊടുക്കാൻ തീരുമാനിച്ചതുകൊണ്ടല്ലേ ഈ ബോർഡ് പിരിച്ചുവിട്ടത്?

ശ്രീ. ഇ. അഹമ്മദ്: 'കാപ്പെക്സ്'ന്റെ ബോർഡ് പിരിച്ചു വിട്ടത് ഭരണപരമായ കാരണങ്ങൾകൊണ്ടാണ്.

ശ്രീ. ലോനപ്പൻ നമ്പാടൻ: തൊഴിൽ വകുപ്പുമന്ത്രിയും ബോർഡും 20 ശതമാനം ബോണസ് കൊടുക്കാൻ തീരുമാനിച്ചതിനെതിരായി, വ്യവസായവകുപ്പു മന്ത്രി എട്ടും മൂന്നിലൊന്നും ശതമാനം കൊടുത്താൽ മതിയെന്നു നിർദ്ദേശിച്ചത് അംഗീകരിക്കാതിരുന്നതുകൊണ്ടല്ലേ ബോർഡ് പിരിച്ചു വിട്ടത്?

ശ്രീ. ഇ. അഹമ്മദ്: ബോർഡ് പിരിച്ചുവിട്ടതു ഭരണപരമായ കാരണംകൊണ്ടാണെന്നു ഞാൻ പറഞ്ഞു. ഗവൺമെന്റ് സ്വീകരിച്ച തത്വം അനുസരിച്ച് 'കാപ്പെക്സും' ബോണസ് കൊടുക്കണമെന്നു പറഞ്ഞതു ശരിയാണ്.

ശ്രീ. ലോനപ്പൻ നമ്പാടൻ: അഞ്ച് ഫാക്ടറികളിൽ 310 രൂപ വീതം തൊഴിലാളികൾക്ക് അഡ്വാൻസ് മാത്രമേ കൊടുത്തിട്ടുള്ളൂ എന്നും സ്റ്റാഫിന് യാതൊന്നും കൊടുത്തിട്ടില്ലെന്നും പറയുന്നു. ബോണസ് കൊടുക്കാത്ത നടപടി സ്വീകരിച്ചതു ശരിയാണോ?

ശ്രീ. ഇ. അഹമ്മദ്: ബോണസ് വകയിലാണ് അഡ്വാൻസായി 310 രൂപ തൊഴിലാളികൾക്കു കൊടുത്തത്. സ്റ്റാഫ് 121 പേർ മാത്രമേയുള്ളൂ. അവർക്ക് 750 രൂപയോളം കൊടുക്കാമെന്ന് ഏറ്റതാണ്. അവർക്ക് അതിലധികം വേണമെന്ന് ആവശ്യപ്പെട്ടു. രണ്ടുമൂക്കാൽ മാസത്തെ ശമ്പളം ബോണസ് വേണമെന്ന് ആവശ്യപ്പെട്ടു. അതു കൊടുക്കാൻ സാദ്ധ്യമല്ലെന്നും പറഞ്ഞതു ശരിയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ: ബോർഡ് പിരിച്ചു വിട്ട തീയതി പറഞ്ഞു. ഇത്രയും ചോദ്യങ്ങൾ ചോദിച്ചിട്ടും എന്തുകൊണ്ടാണ് കാപ്പെക്സിന്റെ ബോർഡ് പിരിച്ചുവിട്ടത് എന്നു ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞില്ല. അതിന്റെ കാരണം വ്യക്തമാക്കാമോ?

ശ്രീ. ഇ. അഹമ്മദ്: ഭരണപരമായ ആവശ്യത്തിന് ഇതു റീ-കൺസ്ട്രക്റ്റ് ചെയ്യണം എന്നു ഗവൺമെന്റ് നേരത്തെ ഒരു തീരുമാനമെടുത്തിരുന്നു. ആ തീരുമാനം ഗവൺമെന്റ് നടപ്പിൽ വരുത്തി.

ശ്രീ. കെ. പി. എ. മജീദ്: 'കാപ്പെക്സ്' ന്റെ ഡയറക്ടർ ബോർഡ് പിരിച്ചുവിട്ടതിനെ സംബന്ധിച്ച് ഇവിടെ ചോദ്യം ചോദിച്ചു. ആ ഡയറക്ടർ ബോർഡ് പിരിച്ചു വിട്ടതിനെ സംബന്ധിച്ചോ മറ്റു കാര്യങ്ങളെ സംബന്ധിച്ചോ മന്ത്രിസഭാതലത്തിൽ വല്ല ആലോചനയും നടന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ അതു വ്യക്തമാക്കുമോ?

ശ്രീ. ഇ. അഹമ്മദ്: 'കാപ്പെക്സ്' ന്റെ ബോർഡ് റീ-കൺസ്ട്രക്റ്റ് ചെയ്യാനുള്ള തീരുമാനം മന്ത്രിസഭയുടെ തീരുമാനമാണ്.

ശ്രീ. ആർ. എസ്. ഉണ്ണി: പരമ്പരാഗത വ്യവസായങ്ങൾ, വ്യവസായടിസ്ഥാനത്തിൽ തീരുമാനങ്ങൾ ഉണ്ടാകുന്ന വ്യവസായങ്ങൾ ഒക്കെയുണ്ട്. ഗവൺമെന്റിന്റെ സാന്നിദ്ധ്യത്തിൽ, ഗവൺമെന്റ് മുൻകൈയെടുത്ത് ഉണ്ടാക്കുന്ന തീരുമാനങ്ങൾ 'കാപ്പെക്സ്' പോലെയുള്ള സ്ഥാപനങ്ങളിൽ നടപ്പാക്കേണ്ടതല്ലേ; എന്തുകൊണ്ടാണ് ഈ വർഷം കാപ്പെക്സിൽ വ്യവസായടിസ്ഥാനത്തിലുള്ള തീരുമാനം നടപ്പാക്കാത്തത്?

ശ്രീ. ഇ. അഹമ്മദ്: 'കാപ്പെക്സ്' എന്ന സ്ഥാപനം പുതുതായി രൂപീകരിച്ച സഹകരണമേഖലയിലുള്ള ഒരു സ്ഥാപനമാണ്. കാഷ്യൂ ഡവലപ്പ്മെന്റ് കോർപ്പറേഷൻ പോലെയുള്ള ഒരു സ്ഥാപനത്തിന്റെ പ്രവർത്തനത്തിനുവേണ്ടി വളരെയധികം നഷ്ടം സഹിച്ചതുകൊണ്ട് ലാഭമോ നഷ്ടമോ ഇല്ലാത്തരീതിയിൽ എങ്കിലും പോകണമെന്ന നിലയിലാണ് ഈ സംഘം സ്ഥാപിച്ചത്. സഹകരണാടിസ്ഥാനത്തിലുള്ള വ്യവസായങ്ങൾ പോലും പേമെന്റ് ഓഫ് ബോണസ് ആക്ട് പ്രകാരമുള്ള ബോണസ് മാത്രമേ കൊടുക്കാൻ പാടുള്ളൂ എന്ന ഗവൺമെന്റിന്റെ തീരുമാനം സ്വാഭാവികമായും 'കാപ്പെക്സ്'നും ബാധകമാണ്.

ശ്രീ. എ. കെ. ശശീന്ദ്രൻ: 'കാപ്പക്സ്' പിരിച്ചു വിട്ടത് മന്ത്രിസഭയുടെ തീരുമാനമാണെന്നും സ്വൽപ്പം മുൻപ് ഭരണപരമായ കാരണങ്ങളാലാണെന്നും പറഞ്ഞു. അങ്ങനെയാണെങ്കിൽ വളരെ സദുദ്ദേശത്തോടുകൂടി രൂപീകരിക്കപ്പെട്ട സഹകരണ സ്ഥാപനങ്ങൾ വളരെ പെട്ടെന്ന് പിരിച്ചു വിടാൻ മന്ത്രിസഭയെ പ്രേരിപ്പിച്ച ഭരണപരവും സാങ്കേതികവുമായ കാരണങ്ങൾ എന്തൊക്കെയാണെന്നു വ്യക്തമാക്കുമോ?

ശ്രീ. ഇ. അഹമ്മദ്: വളരെപെട്ടെന്നുള്ള തീരുമാനംകൊണ്ടാണെന്നു ഞാൻ പറഞ്ഞിട്ടില്ല. 'കാപ്പെക്സ്' റീ-സ്ട്രക്ചർ ചെയ്തത് മന്ത്രിസഭ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിലാണ്. ഭരണപരമായ കാരണ

LIBRARY ARCHIVES Kerala Legislative Assembly

മുണ്ട്. കാപ്പെക്സിനെപ്പോലെയുള്ള ഒരു സംഘത്തിനു ഗവൺമെൻറിന് വളരെയധികം financial stake ഉണ്ട്. ബോർഡിൽ 12 അംഗങ്ങളുള്ളതിൽ മൂന്നു പേർ മാത്രമേ സർക്കാരിൽനിന്നുള്ളൂ. അതേ വായ്പയെടുക്കാൻ കാപ്പെക്സ് ഗവൺമെൻറിനോട് ഗാരൻറി കൊടുക്കണമെന്നും മറ്റും പറഞ്ഞിട്ടുണ്ട്. അപ്പോഴും അതൊരു സഹകരണ സ്ഥാപനവുമാണ്. അതിൻെറ പ്രവർത്തനത്തിൽ ഗവൺമെൻറിൻെറ നിയന്ത്രണം ഉണ്ടാകുകയും അത് നല്ല നിലയിൽ നടക്കുകയും ചെയ്താൽ മാത്രമേ ലാഭമോ നഷ്ടമോ ഇല്ലാതെ ആകുകയുള്ളൂ. അതുകൊണ്ട് അതു റീ-സ്ട്രക്ചർ ചെയ്യാൻ തീരുമാനിച്ചു. അതാണ് ഭരണപരമായ കാരണങ്ങളാൽ എന്നു പറഞ്ഞത്.

ശ്രീ. ബേബി ജോൺ: ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ കൂട്ടത്തിൽ ബോണസ് ആക്ടിൻെറ പരിധിയിൽ നിന്നുകൊണ്ടുമാത്രമേ ബോണസ് കൊടുക്കാൻ സാധിക്കൂ എന്നു സൂചന നൽകി. ഗവൺമെൻറ് തന്നെ എടുത്തിട്ടുള്ള തീരുമാനത്തെ സംബന്ധിച്ച് ഞാൻ മനസ്സിലാക്കിയിടത്തോളം ബോണസ് ആക്ടിൻെറ പരിധിയിൽ എന്തുമാത്രം വരുമോ, അതു കൂടാതെ കഴിഞ്ഞവർഷം കൊടുത്ത തുക കൊടുക്കണമെന്ന നയം ഗവൺമെൻറ് സ്വീകരിച്ചതായിട്ടാണ് ഞാൻ മനസ്സിലാക്കിയത്. നല്ല വ്യാവസായിക ബന്ധം നിലനിറുത്തുന്നതിനുവേണ്ടി വ്യാവസായികാടിസ്ഥാനത്തിൽ എടുക്കുന്ന തീരുമാനങ്ങളുടെ—ഗവൺമെൻറിൻെറ മുൻകൂട്ടിയുള്ള അനുവാദം വാങ്ങിയില്ലെന്നു പറഞ്ഞാൽ അതു മനസ്സിലാക്കാം. പ്രയോജനം ആ ജീവനക്കാർക്ക് നിഷേധിക്കാതിരിക്കാൻ ഗവൺമെൻറ് ശ്രദ്ധിക്കുമോ?

ശ്രീ. ഇ. അഹമ്മദ്: ബഹുമാനപ്പെട്ട ബേബി ജോൺ പറഞ്ഞത് പേമെൻറ് ഓഫ് ബോണസ് ആക്ടിനെപ്പറ്റിയാണ്. ഗവൺമെൻറ് എടുത്ത തീരുമാനത്തിൽ ഗൈഡ് ലൈൻസിനെപ്പറ്റി പറഞ്ഞിട്ടുണ്ട്. കാപ്പെക്സിന് കഴിഞ്ഞ വർഷത്തെ പ്രശ്നമില്ല. അത് ഈ വർഷമാണ് വന്നത്. വ്യാവസായികബന്ധം നിലനിൽക്കണമെന്നുള്ളത് ആവശ്യമാണ്. ഇത്ര തുക ഇന്നത്തെ നിലയ്ക്ക് കിട്ടിയാൽ മാത്രമേ വ്യവസായത്തിൻെറ നിലനിൽപ്പും പുരോഗതിയും അതിൻെറ ഭാവിയുംകൂടി നല്ല നിലയിൽ പോകൂ എന്നതു കണക്കിലെടുത്തതുകൊണ്ടായിരിക്കണം നല്ല വ്യവസായ ബന്ധം നിലനിറുത്താൻ ഗവൺമെൻറ് ശ്രമിച്ചത്. അതുകൊണ്ട് ഏറ്റവും നല്ല ഒരു വ്യാവസായികബന്ധം നിലനിറുത്തണമെന്നാണ് ഗവൺമെൻറ് ആഗ്രഹിക്കുന്നത്.

ശ്രീ. ടി. പി. പീതാംബരൻമാസ്റ്റർ: സഹകരണ മേഖലയിലും, ഗവൺമെൻറിൻെറ പൊതു നിയന്ത്രണത്തിലുമുള്ള മറ്റു വ്യവസായ സ്ഥാപനങ്ങളിലും ബോണസ് ആക്ട് പ്രകാരമുള്ള ബോണസ് മാത്രമേ കൊടുക്കാൻ പാടുള്ളൂ എന്ന്, ഗവൺമെൻറ് നിർദ്ദേശം കൊടുത്തിട്ടുള്ളൂ എന്നു ബഹുമാനപ്പെട്ട മന്ത്രി പറയുന്നുണ്ട്. അതുപോലെതന്നെ സ്വകാര്യ ഉടമകളും ഈ നയം മാത്രമേ നടപ്പാക്കുകയുള്ളൂ എന്നു വാദിച്ചാൽ ഈ രാജ്യത്ത് വ്യവസായ സമാധാനം തകരുന്നതിന് കാരണമാകുകയില്ലേ?

ശ്രീ. ഇ. അഹമ്മദ്: ബഹുമാനപ്പെട്ട മെമ്പറുടെ നിരവധി അഭിപ്രായങ്ങളിൽ ഒന്നുമാത്രമാണ് ഇത്.

ശ്രീ. സി. ടി. അഹമ്മദ്: 'കാപ്പെക്സ്' ഇപ്പോൾ നഷ്ടത്തിലാണോ ലാഭത്തിലാണോ നടക്കുന്നത് എന്നു വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. അഹമ്മദ്: ലാഭ നഷ്ടങ്ങൾ മുഴുവൻ കണക്കാക്കിയിട്ടില്ല. ചിലതൊക്കെ സെറ്റിൽ ചെയ്യാനുണ്ട്. ഇതുവരെകിട്ടിയ കണക്കനുസരിച്ച് ഏതാണ്ട് 57 ലക്ഷം രൂപ ഇപ്പോൾ നഷ്ടമായിട്ടാണ് കാണുന്നത്.

ശ്രീ. ഇ. കെ. നായനാർ: പൊതുമേഖലയിൽ ഈ വ്യവസായം മാതൃകാപരമായി പ്രവർത്തിക്കേണ്ടതാണ്. ബോണസ് അധികം കൊടുത്തു എന്നതിന്റെ അടിസ്ഥാനത്തിൽ പിരിച്ചുവിട്ടത് ക്യാബിനറ്റ് തീരുമാനം കൊണ്ടാണോ എന്നുള്ള ഒരു ചോദ്യത്തിന് മന്ത്രി മറുപടി പറഞ്ഞില്ല. മറ്റു ചില മറുപടിയാണ് പറഞ്ഞത്. ഈ മാതൃക പ്രൈവറ്റ് മുതലാളിമാർ സ്വീകരിച്ചാൽ ഇവിടത്തെ തൊഴിലാളികളെ കൂടുതൽ കൊള്ളയടിക്കാനുള്ള നേതൃത്വം ഈ മന്ത്രി നൽകി എന്നല്ലേ വ്യാഖ്യാനിക്കുക?

ശ്രീ. ഇ. അഹമ്മദ്: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് എന്തു വ്യാഖ്യാനം വേണമെങ്കിലും കൊടുക്കാം. എനിക്ക് അതിൽ വിരോധമൊന്നുമില്ല. പക്ഷേ കാപ്പെക്സ് ആരംഭിക്കാൻ ഗവൺമെന്റിനെ പ്രേരിപ്പിച്ചത് കാഷ്യൂ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ.....

ശ്രീ. ആർ. എസ്. ഉണ്ണി: കൂലി ചോദിക്കാനുള്ള അവകാശമുണ്ടോ?

ശ്രീ. ഇ. അഹമ്മദ്: എല്ലാ അവകാശവും കൊടുക്കുന്നുണ്ട്. അവരുടെ ഒരവകാശവും നിഷേധിച്ചിട്ടില്ല. അതേയവസരത്തിൽ പേയ്മെന്റ് ഓഫ് ബോണസിനെ സംബന്ധിച്ചിടത്തോളം ഗവൺമെന്റ് ചില ഗൈഡ്ലൈൻസ് കൊടുത്തിട്ടുണ്ട്. ആ ഗൈഡ്ലൈൻസ് ഗവൺമെന്റുടമയിലുള്ളതും ഗവൺമെന്റിന്റെ നിയന്ത്രണത്തിലുള്ളതുമായ പൊതുസ്ഥാപനങ്ങൾക്കെല്ലാം ബാധകമാണ്. പക്ഷേ സ്വകാര്യ മേഖലയിലെ പല മുതലാളിമാരെപ്പറ്റിയും മിനിമം വേജസിന്റെ കാര്യത്തിൽ ഈ സഭയിൽത്തന്നെ ആരോപിക്കപ്പെട്ടതരത്തിലുള്ള ഒരു വിഷമവും കാപ്പെക്സിലോ കോർപ്പറേഷനിലോ ഇല്ല. അവിടെ എല്ലാം ശരിക്ക് കൊടുക്കുന്നുണ്ട്.

ദുർബ്ബല വിഭാഗത്തിനുള്ള ഭവന നിർമ്മാണ പദ്ധതി

* 122 [164] ശ്രീ. പി. സി. തോമസ് (കടുത്തുരുത്തി):
ശ്രീമതി പി. ദേവൂട്ടി:
ശ്രീ. സി. ടി. കൃഷ്ണൻ:
,, ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) താഴ്ന്ന വരുമാനക്കാരായ ഗ്രാമീണ ജനതയ്ക്ക് ഭവന നിർമ്മാണത്തിന് സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പരിപാടികൾ എന്തൊക്കെയാണ്;

(ബി) 1984-85-ൽ ഈ വിഭാഗത്തിന് ഭവനനിർമ്മാണത്തിന് എന്തു തുക ചെലവഴിച്ചു;

(സി) ദുർബ്ബല വിഭാഗങ്ങൾക്കുള്ള പാർപ്പിട പദ്ധതിയനുസരിച്ച് ഈ വർഷം എത്ര വീടുകൾ പണിയാനാണ് ഉദ്ദേശിക്കുന്നത്;

LIBRARY ARCHIVES Kerala Legislative Assembly